# പതിനാലാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :6308** **08.11.2016-ന് മറുപടിയ്ക്ക്**

## <u>സ്ഥലം വിട്ടുനൽകുന്നതിന് അനുവദിച്ച ധനസഹായം</u>

| **ചോദ്യം**<br>**ശ്രീ.എം.എം.മണി** | **ഉത്തരം**<br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യ മന്ത്രി)** |
|---|---|
| (എ) ശ്രീമതി അച്ചാമ്മ, കാക്കാനിയിൽ, തൊടുപുഴ എന്നയാളുടെ ഭൂമി പുറപ്പുഴ പോളിടെക്നിക്കിന് വിട്ടുനൽകിയതിന് അനുവദിച്ച നഷ്ടപരിഹാരം നാളിതുവരെ നൽകിയില്ല എന്ന പരാതി ലഭ്യമായിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) അപേക്ഷക പുറപ്പുഴ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി സർക്കാരിന് നൽകിയ ഭൂമിയുടെ അളവ് എത്രയാണെന്നും ഭൂമി ഏറ്റെടുത്തത് എന്നാണെന്നും ഇവർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകാനാണ് കോടതി നിർദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കുമോ;<br><br>(സി) അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായിട്ടും ,സ്ഥലം സർക്കാരിന് നൽകിയ വീട്ടമ്മയ്ക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ സാധിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ; | ബി) & സി) അപേക്ഷകയിൽ നിന്നും തൊടുപുഴ താലൂക്കിൽ പുറപ്പുഴ വില്ലേജിൽ ബ്ലോക്ക് 12-ൽ സർവ്വെ നമ്പർ 570/3-ൽപ്പെട്ട 0.1910 ഹെക്ടർ സ്ഥലവും സർവ്വെ നമ്പർ 570/1-ൽപ്പെട്ട 0.3010 ഹെക്ടർ സ്ഥലവും 14/05/2009-ന് ഏറ്റെടുത്തിട്ടുള്ളതും 25/04/2006-ലെ എൽ.എ.സി 09/09/ബി1-ലെ അവാർഡ് പ്രകാരം ആകെ 13,02,685/- രൂപ കക്ഷിക്ക് അനുവദിച്ചിട്ടുള്ളതും കക്ഷി ടി തുക കൈപ്പറ്റിയിട്ടുള്ളതുമാണ്. കക്ഷിയുടെ റഫറൻസ് അപേക്ഷയെ തുടർന്ന് വിഷയം കോടതിയുടെ പരിഗണനക്ക് സമർപ്പിക്കുകയും 91/10-ാം നമ്പറായി തൊടുപുഴ സബ്-കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ടി എൽ.എ.ആർ കേസിൽ 28/03/14-ൽ ബഹു.കോടതി വിധി പ്രകാരം നഷ്ടപരിഹാരത്തുക പലിശ സഹിതം 33,45,108/- രൂപയായി ഉയർത്തി അനുവദിച്ചിട്ടുള്ളതുമാണ്. |
| (ഡി) നിലവിൽ വാടകയ്ക്ക് താമസിച്ചുവരുന്ന അപേക്ഷകയ്ക്ക് സ്ഥലം വിട്ടുനൽകിയതിന് നൽകാൻ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾക്ക് വിധേയമായി നഷ്ടപരിഹാരം അടിയന്തിരമായി ബഹു.കോടതിയിൽ കെട്ടിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ